ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്. ആയിരമല്ല പതിനായിരം വീടുകളാണ്.
(ബി) ഇല്ല.
(സി) ഗവൺമെൻറിൻെറ പരിഗണനയിലാണ്.

ഏകീകൃത ദേവസ്വം നിയമം

* 59 [66] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യത്തിന് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തു ഒരു ഏകീകൃത ദേവസ്വം നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

ഉണ്ട്.

ഡിസ്മിസ് ചെയ്യപ്പെട്ട തൊഴിലാളികൾക്ക് ഗവൺമെൻറിൽനിന്നു ധനസഹായം

* 60 [67] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു ഡിസ്മിസ് ചെയ്യപ്പെട്ട തൊഴിലാളികളുടെ കേസുകൾ കോടതികളിൽ നടത്തുവാൻ ഗവൺമെൻറിൽ നിന്നു എന്തെങ്കിലും ധനസഹായമോ സൗജന്യനിയമസഹായമോ കൊടുക്കുവാൻ പദ്ധതി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) കേസ് നടത്തുന്നതിനു സൗജന്യനിയമസഹായം ഉണ്ട്.

(ബി) കോഴിക്കോട് ലേബർ കോടതിയിലും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലും തൊഴിലാളികളുടെ കേസുകൾ നടത്താനായി ഒരു അഭിഭാഷകനെ നിയമിച്ചിട്ടുണ്ട്. മറ്റ് കോടതികളിൽ ഇത്തരം കേസുകൾ നടത്താൻ അഭിഭാഷകരെ നിയമിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മൈനർ ഇറിഗേഷൻ വർക്കിനു അനുവദിക്കുന്ന തുക

35 [53] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വർക്കിനു ഇപ്പോൾ ഏക്കറിനു എത്ര രൂപാ നിരക്കിലാണ് അനുവദിക്കാറുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly